## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

28-04--2017 -ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *115

# ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്ന് സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബി. സത്യൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. പി.കെ. ശശി** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കേന്ദ്ര സർക്കാർ, സംസ്ഥാനത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചതിന്റെയടിസ്ഥാനത്തിൽ പ്രതിസന്ധി നേരിടാനായി ദേശീയ ദുരന്ത നിവാരണ നിധി (എൻ.ഡി.ആർ.എഫ്) യിൽ നിന്ന് സഹായം തേടിയിട്ടുണ്ടോ; | എ) | സഹായം തേടിയിട്ടുണ്ട്. |
| ബി) | കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ടു സഹായം തേടിയിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നു; പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിനായി കേന്ദ്ര സംഘം പരിശോധന നടത്തിയിരുന്നോ; വിശദാംശം നൽകുമോ; . | ബി) | കേന്ദ്ര മന്ത്രിമാരെ നേരിൽ കണ്ടു സഹായം തേടിയിരുന്നു. മാർച്ച് 28 ന് ബഹു: കേന്ദ്ര കൃഷി മന്ത്രി രാധ മോഹൻ സിംഗിനെ സന്ദർശിച്ച് ബഹു: റവന്യൂ വകുപ്പ് മന്ത്രിയും, ബഹു: കൃഷി മന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചു. 'കേന്ദ്ര വരൾച്ചാ സ്ഥിതി വിലയിരുത്തൽ സംഘ'ത്തെ അയക്കാം എന്നാണ് കേന്ദ്ര കൃഷി മന്ത്രി പ്രതികരിച്ചത്. പ്രശ്നത്തിന്റെ വ്യാപ്തി മനസ്സിലാക്കുന്നതിനായി 'കേന്ദ്ര സംഘം' പരിശോധന നടത്തിയിരുന്നു. ഏപ്രിൽ 19 മുതൽ 21 വരെ തീയതികളിൽ 'കേന്ദ്ര വരൾച്ച സ്ഥിതി വിലയിരുത്തൽ സംഘം' കേരളം സന്ദർശിച്ചു. കേന്ദ്ര കൃഷി മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി ശ്രീ.അശ്വനി കുമാറിന്റെ നേതൃത്വത്തിലുള്ള 11 അംഗ സംഘമാണ് കേരളത്തിൽ സന്ദർശനം നടത്തിയത്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ കേന്ദ്ര സംഘം നേരിൽ സന്ദർശനം നടത്തുകയും കൃഷിനാശം, കടിവെള്ള വിതരണം, ജല സ്രോതസുകളുടെ സ്ഥിതി എന്നിവ സംഘം വിലയിരുത്തുകയുമുണ്ടായി. 21-04-2017-ൽ കേന്ദ്ര സംഘം ബഹു: മുഖ്യമന്ത്രി, ബഹു: റവന്യൂ മന്ത്രി, ബഹു: ജല വിഭവ മന്ത്രി, ബഹു: കൃഷി മന്ത്രി, ബഹു: |

| | | | |
|---|---|---|---|
| | | | ധനകാര്യ മന്ത്രി, ബഹു: ഭക്ഷ്യ മന്ത്രി എന്നിവരെ സന്ദർശിച്ച് വിവരങ്ങൾ പങ്ക് വെക്കുകയുണ്ടായി |
| സി) | ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്ന് തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ; | സി) | കേന്ദ്ര ആഭ്യന്തര വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതും, 20/05/2015-ലെ സ.ഉ(കൈ) നം.194/15/ ഡി.എം.ഡി നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുമായ മാനദണ്ഡങ്ങൾ പ്രകാരമാണ് ദേശീയ ദുരന്ത നിവാരണ നിധിയിൽ നിന്നും തുക അനുവദിക്കുന്നത്. **(മേൽ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു).** |
| ഡി) | വരൾച്ച കൊണ്ടുള്ള കടിവെള്ളക്ഷാമവും കൃഷി നാശവും പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | ഡി) | വരൾച്ച കൊണ്ടുള്ള കടിവെള്ളക്ഷാമവും കൃഷി നാശവും പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>• 31.10.2016-ലെ സ.ഉ(പി) നം.555/2016/ ഡി.എം.ഡി, 24.04.2017-ലെ സ.ഉ(പി) നം.25/2017/ഡി.എം.ഡി നമ്പർ ഉത്തരവുകൾ പ്രകാരം കേരളത്തിലെ എല്ലാ ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. (ഉത്തരവുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു).<br>• 31.10.2016-ലെ 42830/K3/2016/DMD നമ്പരായുള്ള പരിപത്രം പ്രകാരം 26 ഇന പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. (പരിപത്രം അനുബന്ധമായി ചേർക്കുന്നു)<br>• വരൾച്ച പ്രഖ്യാപിച്ച ശേഷം എല്ലാ ജില്ലകൾക്കുമായി 42.42 കോടി കടിവെള്ള വിതരണത്തിനായി അനുവദിച്ചു. വരൾച്ച പ്രഖ്യാപിച്ച ശേഷം കൃഷി നാശത്തിന്റെ ദുരിതാശ്വാസത്തിനായി 15.466 കോടി രൂപ സർക്കാർ അനുവദിച്ചു.<br>• കർഷകരുടെ കാർഷിക കടങ്ങളുടെ ജപ്തി നടപടികളിന്മേൽ മോറട്ടോറിയം പ്രഖ്യാപിച്ചു.<br>• ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് മുഖാന്തരം ജില്ലകളുടെ വരൾച്ച പ്രതികരണ പ്രവർത്തനം എല്ലാ മാസവും വിലയിരുത്തുകയും, ആവശ്യമായ നിർദേശങ്ങൾ ജില്ലകൾക്ക് |

നൽകുകയും ചെയ്യുകയുണ്ടായി.

- 31-01-2017 ന് ബഹു: മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് മുഖാന്തരം ജില്ലകളുടെ വരൾച്ചാ പ്രതികരണ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ ജില്ലകൾക്ക് നൽകുകയും ചെയ്തു.
- വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് കുഴൽ കിണർ നിർമ്മിക്കുന്നത് 31-05-2017 വരെ നിയന്ത്രണമേർപ്പെടുത്തി.
- വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുവാനായി ടാങ്കുകളുടെ റേറ്റ് കോൺട്രാക്റ്റ് നിർണ്ണയിക്കുകയും. 2 മാസം കൊണ്ട് ടാങ്ക് നിർമ്മാതാക്കൾക്ക് ലഭ്യമാക്കാവുന്ന 2000-10000 ലിറ്റർ വരെയുള്ള. BIS മാനദണ്ഡം പാലിക്കുന്ന ടാങ്കുകളുടെ എണ്ണം 5000 മാത്രമായതിനാൽ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും വാട്ടർ കിയോസ്കുകൾ വഴിയുള്ള ജല വിതരണത്തിന് പുറമേ ടാങ്കർ വഴിയും കുടിവെള്ള വിതരണം നടത്തുവാനും തീരുമാനിച്ചു.
- ഓരോ ജില്ലകളിലും മന്ത്രിമാരുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന-ഏകോപന യോഗം ചേർന്നിരുന്നു.
- റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ വരൾച്ചാ സ്ഥിതി അവലോകന-ഏകോപന യോഗം ചേർന്നിരുന്നു.
- ബഹു: മുഖ്യമന്ത്രി എല്ലാ ജില്ല കളക്ടർമാരുമായും വിശദമായ വീഡിയോ കോൺഫറൻസ് നടത്തി വരൾച്ച പ്രതികരണ പ്രവർത്തനങ്ങൾ വിലയിരുത്തി.
- 9-03-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് ജല വിതരണം നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.
- മാർച്ച് 28 ന് ബഹു: കേന്ദ്ര കൃഷി മന്ത്രി രാധ മോഹൻ സിംഗിനെ സന്ദർശിച്ച് ബഹു: റവന്യൂ വകുപ്പ് മന്ത്രിയും. ബഹു: കൃഷി മന്ത്രിയും വരൾച്ചാ മെമ്മോറാണ്ടം സമർപ്പിച്ചു.

| | | | |
|---|---|---|---|
| | | | • 2017 ഏപ്രിൽ 19 മുതൽ 21 വരെ തീയതികളിൽ 'കേന്ദ്ര വരൾച്ച സ്ഥിതി വിലയിരുത്തൽ സംഘം' കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകൾ സന്ദർശിച്ചു. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Abstract**

Disaster Management Department—Natural Calamity Norms for Relief Assistance to the Victims from SDRF/NDRF for the Period 2015-2020—Sanctioned—Orders issued

DISASTER MANAGEMENT (REVENUE-K) DEPARTMENT

G. O. (Ms.) No. 194/2015/DMD. *Dated, Thiruvananthapuram, 20th May, 2015.*

*Read:*—1. G.O. (Ms.) No. 361/2014/DMD, dated 21st August, 2014.

2. Letter No. 32-7/2014-NIDM-I dated 8-4-2015 from the Disaster Management Division, Ministry of Home Affairs, Government of India.

ORDER

Government of Kerala had revised the norms of relief assistance from State Disaster Response Fund to the victims of natural calamities for 2010-15 in accordance with the recommendations of 13th Finance Commission (TFC) approved by Government of India, Ministry of Home Affairs as per Government Order read as 1st paper above. Government of India has recently further revised the items and norms for assistance from State Disaster Response Fund/National Disaster Response Fund to the victims of natural calamities for 2015-20 in accordance with the recommendations of 14th Finance Commission (FFC) in the wake of identified natural calamities as per letter read as 2nd paper above.

2. Accordingly in supersession of orders issued, read above, the norms and scale of assistance revised by the Government of India and given as annexure to this order will be followed for providing relief assistance to victims of natural calamities in the State. This order will have retrospective effect from 1-4-2015.

GCPT. 3/119/2017/S-25.

3. State specific disasters within the local context in the State, which are not included in the notified list of disasters eligible for assistance from SDRF/NDRF, can be met from SDRF within the limit of 10% of the annual funds allocation of the SDRF. Orders in this regard will be issued separately.

By order of the Governor,

DR. VISHWAS MEHTA,
*Principal Secretary to Government.*

To

The Secretary to Government of India, Ministry of Home Affairs (DM Division), 'C' wing, 3rd Floor, NDCC-II, Jai Singh Road, New Delhi-110 001 (with Covering Letter).

The Secretary, Kerala State Disaster Management Authority, Revenue Complex, Public Office Building, Thiruvananthapuram.

All Secretaries of the Secretariat including Finance.

All Members of State Disaster Management Authority.

The Land Revenue Commissioner, Thiruvananthapuram.

The Resident Commissioner, 3, Jantar Mantar Road, Kerala House, New Delhi-110 001.

All District Collectors.

The Director, Institute of Land and Disaster Management, PTP Nagar, Thiruvananthapuram.

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A&E), Kerala, Thiruvananthapuram.

All District Treasury Officers.

The Accountant General, Branch Office, Kottayam/Ernakulam/Thrissur/Kozhikode.

The Finance (BW) Department.

The Information Officer, Web and New Media.

Stock File/Office Copy.

*Copy to:*

All Departments of the Secretariat including Finance.

Director of Agriculture.

Director of Animal Husbandry.

Director of Health Services.

PS to all Ministers.

PS to Principal Secretary (Revenue & DM).

Revenue K4 Seat.

ANNEXURE

# REVISED LIST OF ITEMS AND NORMS OF ASSISTANCE FROM STATE DISASTER RESPONSE FUNDS (SDRF) AND NATIONAL DISASTER RESPONSE FUND (NDRF)

(Period 2015-20, MHA Letter No. 32-7/2014-NDM-I dated 8th April, 2015)

| *Sl. No.* | *Items* | *Norms of Assistance* |
|---|---|---|
| (1) | (2) | (3) |
| **1** | **Gratuitous Relief** | |
| (a) | Ex-gratia payment to families of deceased persons | ₹ 4 lakh per deceased person including those involved in relief operations or associated in preparedness activities, subject to certification regarding cause of death from appropriate authority. |
| (b) | Ex-gratia payment for loss of a limb or eye(s) | ₹ 59,100 per person, when the disability is between 40% and 60%.<br>₹ 2 lakh per person, when the disability is more than 60%.<br>Subject to certification by a doctor from a hospital or dispensary of Government, regarding extent and cause of disability. |
| (c) | Grievous injury requiring hospitalization | ₹ 12,700 per person requiring hospitalization for more than a week.<br>₹ 4,300 per person requiring hospitalization for less than a week. |
| (d) | Clothing and utensils/house-hold goods for families whose houses have been washed away/ fully damaged/ severely inundated for more than two days due to a natural calamity | ₹ 1,800 per family, for loss of clothing.<br>₹ 2,000 per family, for loss of utensils/ household goods. |

| (1) | (2) | (3) |
|---|---|---|
| | (e) Gratuitous relief for families whose livelihood is seriously affected | ₹ 60 per adult and ₹ 45 per child, not housed in relief camps. State Government will certify that identified beneficiaries are not housed in relief camps. Further State Government will provide the basis and process for arriving at such beneficiaries district-wise.<br>Period for providing gratuitous relief will be as per assessment of the State Executive Committee (SEC) and the Central Team (in case of NDRF). The default period of assistance will up to 30 days, which may be extended up to 60 days in the first instance, if required, and subsequently up to 90 days in case of drought/pest attack. Depending on the ground situation, the State Executive Committee can extend the time period beyond the prescribed limit subject to the condition that expenditure on this account should not exceed 25% of SDRF allocation for the year. |
| 2 | **Search and Rescue Operations** | |
| | (a) Cost of search and rescue measures/ evacuation of people affected/likely to be affected | As per actual cost incurred, assessed by SEC and recommended by the Central Team (in case of NDRF).<br>By the time the Central Team visits the affected area, these activities are already over. Therefore, the State Level Committee and the Central Team can recommend actual/near-actual costs. |
| | (b) Hiring of boats for carrying immediate relief and saving lives | As per actual cost incurred, assessed by SEC and recommended by the Central Team (in case of NDRF).<br>The quantum of assistance will be limited to the actual expenditure incurred on hiring boats and essential equipment required for rescuing stranded people and thereby saving human lives during a notified natural calamity. |

| (1) | (2) | (3) |
|---|---|---|
| 3 **Relief Measures** | | |
| | (a) Provision for temporary accommodation, food, clothing, medical care, etc. for people affected/evacuated and sheltered in relief camps | As per assessment of need by SEC and recommendation of the Central Team (in case of NDRF); for a period up to 30 days. The SEC would need to specify the number of camps, their duration and the number of persons in camps. In case of continuation of a calamity like drought or widespread devastation caused by earthquake or flood etc., this period may be extended to 60 days, and up to 90 days in cases of severe drought. Depending on the ground situation, the State Executive Committee can extend the time period beyond the prescribed limit subject to the condition that expenditure on this account should not exceed 25% of SDRF allocation for the year.<br>Medical care may be provided from National Rural Health Mission (NRHM). |
| | (b) Air dropping of essential supplies | As per actual, based on assessment of need by SEC and recommendation of the Central Team (in case of NDRF).<br>The quantum of assistance will be limited to actual amount raised in the bills by the Ministry of Defence for airdropping of essential supplies and rescue operations only. |
| | (c) Provision of emergency supply of drinking water in rural areas and urban areas | As per actual cost, based on assessment of need by SEC and recommended by the Central Team (in case of NDRF), up to 30 days and may be extended up to 90 days in case of drought. Depending on the ground situation, the State Executive Committee can extend the time period beyond the prescribed limit subject to the condition that expenditure on this account should not exceed 25% of SDRF allocation for the year. |

| (1) | (2) | (3) |
|---|---|---|
| **4** | **Clearance of affected Areas** | |
| | (a) Clearance of debris in public areas | As per actual cost within 30 days from the date of start of the work based on assessment of need by SEC for the assistance to be provided under SDRF and as per assessment of the Central Team for assistance to be provided under NDRF. |
| | (b) Draining off flood water in affected areas | As per actual cost within 30 days from the date of start of the work based on assessment of need by SEC for the assistance to be provided under SDRF and as per assessment of the Central Team (in case of NDRF). |
| | (c) Disposal of dead bodies/Carcases | As per actuals, based on assessment of need by SEC and recommendation of the Central Team (in case of NDRF). |
| **5** | **Agriculture** | |
| | (i) *Assistance to farmers having landholding up to 2 ha.* | |
| | (A) Assistance for land and other loss | |
| | (a) De-silting of agricultural land (where thickness of sand/silt deposit is more than 3″, to be certified by the competent authority of the State Government). (b) Removal of debris on agricultural land in hilly areas (c) De-silting/ Restoration/Repair of fish farms | ₹ 12,200 per hectare for each item. (Subject to the condition that no other assistance/subsidy has been availed of by/is eligible to the beneficiary under any other Government Scheme) |

| (1) | (2) | (3) |
|---|---|---|
| | (d) Loss of substantial portion of land caused by landslide, avalanche, change of course of rivers. | ₹ 37,500 per hectare to only those small and marginal farmers whose ownership of the land is legitimate as per the revenue records. |
| (B) | INPUT SUBSIDY (WHERE CROP LOSS IS 33% AND ABOVE) | |
| | (a) For agriculture crops, horticulture crops and annual plantation crops | ₹ 6,800 per ha. in rainfed areas and restricted to sown areas.<br><br>₹ 13,500 per ha. in assured irrigated areas, subject to minimum assistance not less than ₹ 1000 and restricted to sown areas. |
| | (b) Perennial crops | ₹ 18,000 per ha. for all types of perennial crops subject to minimum assistance not less than ₹ 2,000 and restricted to sown areas. |
| | (c) Sericulture | ₹ 4,800 per ha. for Eri, Mulberry, Tussar.<br><br>₹ 6,000 per ha. for Muga. |
| | (ii) *Input subsidy to farmers having more than 2 Ha. of landholding* | ₹ 6,800 per hectare in rainfed areas and restricted to sown areas.<br><br>₹ 13,500 per hectare for areas under assured irrigation and restricted to sown areas.<br><br>₹ 18,000 per hectare for all types of perennial crops and restricted to sown areas.<br><br>Assistance may be provided where crop loss is 33% and above, subject to a ceiling of 2 ha. per farmer. |

| (1) | (2) | (3) |
|---|---|---|
| 6 | **Animal Husbandry Assistance to Small and Marginal Farmers** | |
| | (i) Replacement of milch animals, draught animals or animals used for haulage | *Milch animals*—<br>₹ 30,000—Buffalo/Cow/Camel/Yak/Mithun etc.<br>₹ 3,000—Sheep/Goat/Pig.<br>*Draught animals*—<br>₹ 25,000—Camel/Horse/Bullock etc.<br>₹ 16,000 Calf/Donkey/Pony/Mule.<br>The assistance may be restricted for the actual loss of economically productive animals and will be subject to a ceiling of 3 large milch animals or 30 small milch animals or 3 large draught animals or 6 small draught animals per household irrespective of whether a household has lost a larger number of animals. (The loss is to be certified by the Competent Authority designated by the State Government).<br>*Poultry*—<br>Poultry @ ₹ 50 per bird subject to a ceiling of assistance of ₹ 5,000 per beneficiary household. The death of the poultry birds should be on account of a natural calamity.<br>*Note:*—Relief under these norms is not eligible if the assistance is available from any other Government Scheme, e.g., loss of birds due to Avian Influenza or any other diseases for which the Department of Animal Husbandry has a separate scheme for compensating the poultry owners. |

| (1) | (2) | (3) |
| --- | --- | --- |
| | (ii) Provision of fodder/ feed concentrate including water supply and medicines in cattle camps | Large animals—₹ 70 per day.<br>Small animals—₹ 35 per day.<br>Period for providing relief will be as per assessment of the State Executive Committee (SEC) and the Central Team (in case of NDRF). The default period for assistance will be up to 30 days, which may be extended up to 60 days in the first instance and in case of severe drought up to 90 days. Depending on the ground situation, the State Executive Committee can extend the time period beyond the prescribed limits subject to the stipulation that expenditure on this account should not exceed 25% of SDRF allocation for the year.<br>Based on assessment of need by SEC and recommendation of the Central Team (in case of NDRF) consistent with estimates of cattle as per Livestock Census and subject to the certificate by the competent authority about the requirement of medicine and vaccine being calamity related. |
| | (iii) Transport of fodder to cattle outside cattle camps. | As per actual cost of transport, based on assessment of need by SEC and recommendation of the Central Team (in case of NDRF) consistent with estimates of cattle as per Livestock Census. |

| (1) | (2) | (3) |
|---|---|---|
| 7 | **Fishery** | |
| | (i) Assistance to Fisherman for repair/ replacement of boats, nets damaged or lost<br>—Boat<br>—Dugout-Canoe<br>—Catamaran<br>—Net<br>(This assistance will not be provided if the beneficiary is eligible or has availed of any subsidy/assistance, for the instant calamity, under any other Government Scheme.) | ₹ 4,100 for repair of partially damaged boats only.<br>₹ 2,100 for repair of partially damaged net.<br>₹ 9,600 for replacement of fully damaged boats.<br>₹ 2,600 for replacement of fully damaged net. |
| | (ii) Input subsidy for fish seed farm | ₹ 8,200 per hectare.<br>(This assistance will not be provided if the beneficiary is eligible or has availed of any subsidy/assistance, for the instant calamity, under any other Government Scheme, except the one time subsidy provided under the Scheme of Department of Animal Husbandry, Dairying and Fisheries, Ministry of Agriculture.) |
| 8 | **Handicrafts/Handloom Assistance to Artisans** | |
| | (i) For replacement of damaged tools/ equipment | ₹ 4,100 per artisan for equipment.<br>Subject to certification by the Competent Authority designated by the Government about damage and its replacement. |
| | (ii) For loss of raw material/goods in process/finished goods | ₹ 4,100 per artisan for raw material<br>Subject to certification by Competent Authority designated by the State Government about loss and its replacement. |

| (1) | (2) | (3) |
|---|---|---|
| 9 | **Housing** | |
| | (a) *Fully damaged/ destroyed houses*<br>(i) Pucca house<br>(ii) Kutcha house<br>(b) *Severely damaged houses*<br>(i) Pucca house<br>(ii) Kutcha house | ₹ 95,100 per house in plain areas.<br>₹ 1,01,900 per house, in hilly areas including Integrated Action Plan (IAP) Districts. |
| | (c) *Partially damaged houses* | |
| | (i) Pucca (other than huts) where the damage is atleast 15% | ₹ 5,200 per house. |
| | (ii) Kutcha (other than huts) where the damage is at least 15% | ₹ 3,200 per house. |
| | (d) *Damaged/destroyed huts* | ₹ 4,100 per hut<br>(Hut means temporary, make shift unit, inferior to Kutcha house, made of thatch, mud, plastic sheets etc., traditionally recognized as hut by the State/District authorities.)<br>*Note:*—The damaged house should be an authorized construction duly certified by the Competent Authority of the State Government. |
| | (e) *Cattle shed attached with house* | ₹ 2,100 per shed. |

| (1) | (2) | (3) |
|---|---|---|
| 10 | **Infrastructure**<br>*Repair/restoration (of immediate nature) of damaged infrastructure:*<br>*(1) Roads and Bridges, (2) Drinking Water Supply Works, (3) Irrigation, (4) Power (only limited to immediate restoration of electricity supply in the affected areas), (5) Schools, (6) Primary Health Centres, (7) Community assets owned by Panchayat.*<br>*Sectors such as Telecommunication and Power (except immediate restoration of power supply), which generate their own revenues, and also undertake immediate repair/restoration works from their own funds/ resources, are excluded.* | *Activities of immediate nature:*<br><br>Illustrative lists of activities which may be considered as works of an immediate nature are given in the enclosed Appendix.<br><br>*Assessment of requirements:*<br><br>Based on assessment of need, as per States' costs/rates/schedules for repair by SEC and recommendation of the Central Team (in case of NDRF).<br><br>As regards repair of roads, due consideration shall be given to Norms for Maintenance of Roads in India, 2001, as amended from time to time, for repairs of roads affected by heavy rains/floods, cyclone, landslide, sand dunes, etc. to restore traffic. For reference these norms are:<br><br>♦ *Normal and Urban areas:*—up to 15% of the total of Ordinary Repair (OR) and Periodical Repair (PR).<br><br>♦ *Hills:*—up to 20% of total of OR and PR.<br><br>In case of repair of roads, assistance will be given based on the notified Ordinary Repair (OR) and Periodical Renewal (PR) of the State. In case OR & PR rate is not available, then assistance will be provided @ ₹ 1 lakh/km for State Highway and Major District Road and @ ₹ 0.60 lakh/km for rural roads. The condition of "State shall first use its provision under the budget for regular maintenance and repair" will no longer be required, in view of the difficulties in monitoring such stipulation though it is a desirable goal for all the States. |

| (1) | (2) | (3) |
|---|---|---|
| | | In case of repairs of Bridges and Irrigation works, assistance will be given as per the schedule of rates notified by the concerned States. Assistance for micro irrigation scheme will be provided @ ₹ 1.5 lakh per damaged scheme. Assistance for restoration of damaged medium and large irrigation projects will also be given for the embankment portions on par with the case of similar rural roads, subject to the stipulation that no duplication would be done with any ongoing schemes.<br>Regarding repairs of damaged drinking water schemes the eligible damaged drinking water structures will be eligible for assistance @ ₹ 1.5 lakh/damaged structure.<br>Regarding repair of damaged primary and secondary schools, primary health centres, Anganwadi and community assets owned by the Panchayats, assistance will be given @ ₹ 2 lakh/damaged structure.<br>Regarding repair of damaged power sector, assistance will be given to damaged conductors, poles and transformers up to the level of 11 KV. The rate of assistance will be @ ₹ 4,000/poles, ₹ 0.50 lakh per km of damaged conductor and ₹ 1 lakh per damaged distribution transformer. |
| 11 | Procurement of essential search, rescue and evacuation equipments including communication equipments, etc., for response to disaster. | Expenditure is to be incurred from SDRF only (and not from NDRF), as assessed by the State Executive Committee (SEC).<br><br>The total expenditure on this item should not exceed 10% of the annual allocation of the SDRF. |

| (1) | (2) | (3) |
|---|---|---|
| 12 | **Capacity Building** | Expenditure is to be incurred from SDRF only (and not from NDRF), as assessed by the State Executive Committee (SEC).<br>The total expenditure on this item should not exceed 5% of the annual allocation of the SDRF. |
| 13 | State specific disasters within the local context in the State, which are not included in the notified list of disasters eligible for assistance from SDRF/NDRF, can be met from SDRF within the limit of 10% of the annual funds allocation of the SDRF. | Expenditure is to be incurred from SDRF only (and not from NDRF), as assessed by the State Executive Committee (SEC).<br><br>The norm for various items will be the same as applicable to other notified natural disasters, as listed above or<br><br>In these cases, the scale of relief assistance against each item for 'local disaster' should not exceed the norms of SDRF.<br><br>The flexibility is to be applicable only after the State has formally listed the disasters, for inclusion and notified transparent norms and guildelines with a clear procedure for identification of the beneficiaries for disaster relief for such 'local disasters' with the approval of SEC. |

*Note:*—(1) *The State Governments are to take utmost care and ensure that all individual beneficiary oriented assistance is necessary/mandatory disbursed through the bank account (viz., Jan Dhan Yojana etc.) of the beneficiary .*

(2) *The Scale of relief assistance against each items for all disasters including 'local disaster' should not exceed the norms of SDRF/NDRF. Any amount spent by the State for such disasters over and above the ceiling would be borne out of the resources of the State Government and not from SDRF.*

## ILLUSTRATIVE LIST OF ACTIVITIES IDENTIFIED AS OF AN IMMEDIATE NATURE

**1. Drinking Water Supply**

(i) Repair of damaged platforms of hand pumps/ring wells/spring-tapped chambers/public stand posts, cisterns.

(ii) Restoration of damaged stand posts including replacement of damaged pipe lengths with new pipe lengths, cleaning of clear water reservoir (to make it leak proof).

(iii) Repair of damaged pumping machines, leaking overhead reservoirs and water pumps including damaged intake—structure, approach gantries/jetties.

**2. Roads**

(i) Filling up of breaches and potholes, use of pipe for creating waterways, repair and stone pitching of embankment.

(ii) Repair of breached culverts.

(iii) Providing diversions to the damaged/washed out portions of bridges to restore immediate connectivity.

(iv) Temporary repair of approaches to bridges/embankments of bridges, repair of damaged railing bridges, repair of causeways to restore immediate connectivity, granular sub-base, over damaged stretch of roads to restore traffic.

**3. Irrigation**

(i) Immediate repair of damaged canal structures and earthen/masonry works of tanks and small reservoirs with the use of cement, sand bags and stones.

(ii) Repair of weak areas such as piping or rat holes in dam walls/embankments.

(iii) Removal of vegetative material/building material/debris from canal and drainage system.

(iv) Repair of embankments of minor, medium and major irrigation project.

**4. Health**

Repair of damaged approach roads, buildings and electrical lines of PHCs/ Community Health Centres.

**5. Community assets of Panchayat**

(a) Repair of village internal roads.

(b) Removal of debris from drainage/sewerage lines.

(c) Repair of internal water supply lines.

(d) Repair of street lights.

(e) Temporary repair of primary school, panchayat ghars, community halls, anganwadi, etc.

**6. Power**

Poles/conductors and transformers up to 11 KV.

**7. The assistance will be considered as per the merit towards the following activities:**

| *Sl. No.* | *Items/Particulars* | *Norms of assistance will be adopted for immediate repair* |
|---|---|---|
| (1) | (2) | (3) |
| (i) | Damaged Primary School building | Up to ₹ 1.50 lakh/unit |
| | Higher Secondary/middle/college and other educational institutions buildings | Not covered |
| (ii) | Primary Health Centre | Up to ₹ 1.50 lakh/unit |
| (iii) | Electric poles and wires etc. | Normative cost (Up to ₹ 4000 per pole and ₹ 0.50 lakh per km) |
| (iv) | Panchayat Ghar/Anganwadi/ Mahila Mondal/Yuva Kendra/ Community Hall | Up to ₹ 2.00 lakh/unit |
| (v) | State Highways/Major District road | ₹ 1.00 lakh/km* |
| (vi) | Rural road/bridge | ₹ 0.60 lakh/km* |
| (vii) | Drinking Water Scheme | Up to ₹ 1.50 lakh/unit |

| (1) | (2) | (3) |
|---|---|---|
| (viii) | *Irrigation Sector* | |
| | Minor Irrigation Schemes/Canal | Up to ₹ 1.50 lakh/scheme |
| | Major Irrigation Scheme | Not covered |
| | Flood control and Anti-erosion Protection Work | Not covered |
| (ix) | Hydro Power Project/HT Distribution systems/ Transformers and sub-stations | Not covered |
| (x) | High Tension Lines (above 11 KV) | Not covered |
| (xi) | State Government Building viz., Departmental/office building, departmental/residential quarters, religious structures, Patwarkhana, Court premises, play ground, forest bunglow property and animal/bird sanctuary etc. | Not covered |
| (xii) | Long terms/Permanent Restoration work incentive | Not covered |
| (xiii) | Any new work of long term nature | Not covered |
| (xiv) | Distribution of commodities | Not covered (However there is a provision for assistance as GR to families in dire need of assistance after a disaster) |
| (xv) | Procurement of equipments/machineries under NDRF | Not covered |
| (xvi) | National Highways | Not covered (Since GOI borne entire expenditure towards restoration works activities) |
| (xvii) | Fodder seed to augment fodder production | Not covered |

* if OR & PR rates are not provided by the State.

1250/10
4/11/16

2

## GOVERNMENT OF KERALA

**Abstract**

Disaster Management Department – All districts of Kerala - declared as drought affected - Orders issued.

---

**DISASTER MANAGEMENT (REVENUE - K) DEPARTMENT**

G.O(P) No. **555/2016/DMD** Dated, Thiruvananthapuram. **31/10/2016**

---

Read: 1) Manual for Drought Management 2009, Ministry of Agriculture, Government of India

2) National Disaster Management Guidelines, Management of Drought 2010, National Disaster Management Authority

3) Minutes of Kerala State Disaster Management Authority (KSDMA) held on 28-10-2016

**ORDER**

After careful evaluation of the deficit in South West Monsoon season, the prevailing deficit in the North East Monsoon season, ground water condition and other available early indicators of impending drought severity in the State, the Kerala State Disaster Management Authority (KSDMA) has recommended for the declaration of drought in all districts in the State.

(2) Based on the decision of the Kerala State Disaster Management Authority. all 14 districts in the State are declared as meteorologically drought affected.

(By order of the Governor)
**P.H KURIAN**
Principal Secretary to Government

To,

All Secretaries
All District Collectors
The Commissioner of Land Revenue, Tvpm
All Members of KSDMA
All Heads of Departments in State Government
The Member Secretary, KSDMA, Revenue Complex, Tvpm
The Principal Accountant General (Audit) Kerala, Tvpm
The Accountant General (A&E) Kerala, Thiruvananthapuram

Stock File/Office Copy

Copy to

PS to Chief Minister

PS to All Ministers

Additional Secretary to Chief Secretary

CA to Deputy Secretary (Revenue & DM)

CA to Principal Secretary (Revenue and DM)

Revenue K1, K2 & K4 seats (for necessary action)

Forwarded/By order

Section Officer

True Copy

Section Officer

**GOVERNMENT OF KERALA**

***Abstract***

Disaster Management Department – Drought – All districts of Kerala – Declared as drought affected during the. Kharif and Rabi season 2016-17 - Orders issued.

---

**DISASTER MANAGEMENT (REVENUE - K) DEPARTMENT**

G.O.(P)No.**25/2017/DMD** Dated, Thiruvananthapuram, **24th April , 2017**

Read:- 1. Manual for Drought Management 2009, Ministry of Agriculture, Government of India

2. National Disaster Management Guidelines, Management of Drought 2010, National Disaster Management Authority
3. Minutes of Kerala State Disaster Management Authority (KSDMA) held on 28- 10-2016
4. GO (P) No. 555/2016/DMD dated 31-10-2016
5. Drought Situation Assessment Report, 2017 (1st June 2016 to 31st March 2017), State Drought Monitoring Cell, Kerala State Disaster Management Authority

**ORDER**

Based on the decision of the meeting of the Kerala State Disaster Management Authority read as 3rd paper above, all the 14 districts of Kerala were declared as meteorologically drought affected, vide Government Order read as 4th paper above.

2) Based on the evaluation of the deficit of rainfall in the South-West Monsoon Season, North-East Monsoon Season, Ground Water departure from normal, declining trend of Normalised Vegetation Index, position regarding drinking water supply, river flow data and agricultural crop loss data reported from all districts, the State Drought Monitoring Cell (inter alia State Emergency Operations Centre- SEOC) has recommened the Government to consider declaring the entire state as drought affected during the Kharif and Rabi season of 2016-17.

3) Government have examined the matter in detail. In the light of the continuing water scarcity, the indicators evaluated by the State Drought Monitoring Cell (SEOC) and based on recommendations of the Kerala State Disaster Management Authority (KSDMA) made in its meeting held on 28-10-2016, all 14 districts of Kerala are declared as drought affected during the Kharif and Rabi seasons of 2016-17.

(BY ORDER OF THE GOVERNOR)
**P.H KURIAN**
Additional Chief Secretary

To

All Secretaries
The Commissioner, Land Revenue, Thiruvananthapuram
All District Collector's

The Member Secretary, Kerala State Disaster Management Authority,
Revenue Complex, Public Office Building, Thiruvananthapuram.
All Heads of Departments in State Government
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
I& PR (Web & New Media) Department
Stock File/Office Copy.

Copy to:-

PS to Chief Minister
PS to all Ministers
Additional Secretary to Chief Secretary
PS to Additional Chief Secretary (Revenue & DM)
PS to Additional Chief Secretary, Forest and Wild Life
PS to Principal Secretary, Agriculture
PS to Secretary, Water Resources Department
CA to Deputy Secretary (Revenue & DM)

Forwarded/By Order,

Section Officer

True Copy

Section Officer

**കേരള സർക്കാർ**

**ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്**

**പരിപത്രം**

നമ്പർ.42830/കെ3/2016/ഡി.എം.ഡി. തീയതി, തിരുവനന്തപുരം, 31/10/2016

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വരൾച്ച 2016-17 – വരൾച്ചാ പ്രതിരോധ - പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 28.10.2016 തീയതിയിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗത്തിന്റെ മിനിട്സ്

സംസ്ഥാനത്ത് വരൾച്ച നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ജല ഉപയോഗം കുറയ്ക്കുക, പുനരുപയോഗത്തിനു ഊന്നൽ നൽകുക. ജലം പാഴാക്കാതിരിക്കുക.
2) വെള്ളം ഉപയോഗിക്കുന്നതിന് ഈ മുൻഗണനാ ക്രമം പാലിക്കുക - കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തു മൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന്. ഈ ക്രമം 2017 മെയ് മാസം വരെ പാലിക്കുക.
3) പരമ്പരാഗത സ്ഥിര ജലസ്രോതസുകൾ ഇല്ലാത്ത ഗ്രാമങ്ങൾക്ക് വരൾച്ച പ്രതികരണ-പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഊന്നൽ നൽകുക.
4) ജില്ലാ കളക്ടർമാർ അടിയന്തിരമായി ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും യോഗം ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ സാന്നിധ്യത്തിൽ വിളിക്കേണ്ടതും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഡെപ്യൂട്ടി കളക്ടർമാർക്ക് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി, ഓരോ താലൂക്കുകളുടെയും ചുമതല നൽകാവുന്നതാണ്.
5) ചില സ്ഥലങ്ങളിൽ നിയമവിരുദ്ധമായി ജലം ചോർത്തുന്നതായി കാണുന്നു. ഇത് തടയുന്നതിനായി ജില്ലാ കളക്ടറുടെ ചുമതലയിൽ പരിശോധനകൾ നടത്തേണ്ടതുണ്ട്. പൊതു ജനങ്ങളെ ഈ കാര്യത്തിൽ ബോധവൽക്കരിക്കേണ്ടതുമാണ്.
6) വരൾച്ചയെ കുറിച്ച് പൊതു ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. കൂടുതൽ ജല സംരക്ഷണ മാർഗങ്ങൾ അവലംബിക്കുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്. കുടിവെള്ളം ഒരു കാരണവശാലും വാഹനങ്ങൾ കഴുകുന്നതിനു ഉപയോഗിക്കരുത്. വെള്ളം പുനർ ഉപയോഗിക്കുന്നത് ഒരു സ്വഭാവം ആയി മാറ്റേണ്ടതുണ്ട്. ഉദാ: അടുക്കളയിൽ നിന്ന് പുറത്തു കളയുന്ന വെള്ളം ചെടികൾ നനയ്ക്കുന്നതിന് വിനിയോഗിക്കാം. ഇതിനാവശ്യമായ സന്ദേശങ്ങൾ ജല വിഭവ വകുപ്പ് പൊതുജന താല്പര്യാർത്ഥം നൽകേണ്ടതാണ്.
7) ദിനം പ്രതിയുള്ള മഴയുടെ അളവ്, ജല ലഭ്യത, താപനില എന്നിവ ജില്ലാ കളക്ടർ നിരീക്ഷിക്കേണ്ടതുണ്ട്.
8) സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ (Water Kiosk) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും (ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ)

അതാത് തദ്ദേശ ഭരണസ്ഥാപനങ്ങളോട് ആലോചിച്ചതിനു ശേഷം സ്ഥാപിക്കുക. ഇവയിലേക്ക് ജല അതോറിറ്റി സ്രോതസുകളിൽ നിന്നും ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ജലം ആവശ്യാനുസരിച്ച് എത്തിക്കുക. ഒരു വാർഡിൽ ആവശ്യമില്ലെങ്കിൽ അതാത് തദ്ദേശ സ്വയംഭരണ പ്രദേശത്ത് മറ്റൊരു വാർഡിലേക്ക് മാറ്റിനൽകാവുന്നതാണ് ടാങ്കർ ലോറിയിലൂടെയുള്ള ജല വിതരണം പരമാവധി ഈ കിയോസ്കുകളിലേക്ക് പരിമിതപ്പെടുത്തണം. സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിലെ സെക്ഷൻ 3.9.4 ഇൽ ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന തുക ജില്ലാ നിർമിതി കേന്ദ്രത്തെയോ, വാട്ടർ അതോറിറ്റിയെയോ, പൊതുമരാമത്ത് വകുപ്പിനെയോ ഉപയോഗിച്ച് കണക്കാക്കിയതിനു ശേഷം സർക്കാർ അനുമതിക്കായി സമർപ്പിക്കുക.

9) ഒരു പ്രദേശത്ത് ജല ലഭ്യത ഇല്ലാതാകുകയും, അത്തരം പ്രദേശത്ത് ശുദ്ധജല കിയോസ്കുകൾ ഇല്ലാത്ത സാഹചര്യത്തിലും അത്യാവശ്യമെങ്കിൽ മാത്രമേ ടാങ്കർ മുഖാന്തിരം ജല വിതരണം നടത്താൻ പാടുള്ളു. ജില്ലാ കളക്ടറുടെ ഉത്തരവിന് ശേഷമേ ടാങ്കർ ലോറിയുടെ സേവനം ലഭ്യമാക്കാവൂ, **ഓരോ വാഹനത്തിനും ട്രിപ്പ് ഷീറ്റ് കർശനമായി ഉപയോഗിക്കേണ്ടതാണ്.** ഈ ട്രിപ്പ് ഷീറ്റുകൾ തദ്ദേശ-സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ, വാർഡ് മെമ്പർ/വാർഡ് കൗൺസിലർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജല വിതരണത്തിനായി ഉപയോഗിക്കുന്ന **ടാങ്കറുകളിൽ GPS ഘടിപ്പിച്ച്** ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം നിരീക്ഷിക്കുകയും, GPS-ൽ നിന്നുള്ള ട്രിപ്പ് ഷീറ്റ് അനുസരിച്ച് മാത്രം യാത്രയുള്ള പണം നൽകുകയും ചെയ്യേണ്ടതാണ്. ആലപ്പുഴ ജില്ലയിൽ ഇത് മാതൃകാ പരമായ രീതിയിൽ കഴിഞ്ഞ രണ്ടു വർഷമായി നടത്തിവരുന്നു. വരൾച്ച കുടിവെള്ള വിതരണം എന്ന ശീർഷകത്തിൽ അനുവദിക്കുന്ന പണത്തിൽ നിന്നും പ്രസ്തുത പ്രവർത്തികൾ നടപ്പാക്കേണ്ടതാണ്.

10) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അടിസ്ഥാന നിർമാണ/മരാമത്ത് പണികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി, കുടിവെള്ളം ഉറപ്പുവരുത്തുവാൻ നടത്താവുന്നതാണ്. ജില്ലാ കളക്ടർക്ക് രണ്ടു ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾവരെ സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടത്താവുന്നതാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾക്ക് ജില്ലക്ക് വരൾച്ച പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 10%ൽ കൂടുതൽ ചിലവാക്കരുത്. ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ 31-12-2016 നു മുൻപ് കർശനമായും തീർക്കേണ്ടതുമാണ്.

11) കേരളസംസ്ഥാന ജല വിതരണ നിയമം 2008, Sec 38 A (2), 46 (ബി), 52 (എ), 61 (എ) എന്നിവ പാലിക്കേണ്ടതാണ്. ഇത് നടപ്പിലാക്കേണ്ടതിനായി റവന്യൂ, പോലീസ്, തദ്ദേശ സ്വയം ഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പരിശോധന ടീമിനെ നിയമിക്കാവുന്നതാണ്.

12) സ്ഥിരം ജലസ്രോതസുകൾ മലിനമാക്കുന്നത് തടയുവാനായി കർശനമായ പോലീസ് കാവലും പ്രാദേശിക ഭരണകൂടത്തിന്റെയും പൊതുജനങ്ങളുടെയും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

13) ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ ആഴ്ചയും seoc.gok@gmail.com, sdmacontrolroom@gmail.com & revenuedmdk@gmail.com എന്നീ ഇ-മെയിൽ വിലാസങ്ങളിലേയ്ക്ക് അയക്കേണ്ടതുമാണ്.

14) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കുപുറത്തുള്ള പദ്ധതികൾ അതാത് വകുപ്പുകൾ വഴി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ഇത് ദുരന്തനിവാരണ വകുപ്പിന് ഒരു കാരണവശാലും സമർപ്പിക്കേണ്ടതില്ല.

15) തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽ നിന്ന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്. മലപ്പുറം ജില്ലയിൽ 2012-13 ലും വയനാട് ജില്ലയിൽ 2015-16 ലും നടപ്പിലാക്കിയ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്. സംസ്ഥാന

ദുരന്തലഘൂകരണ ആസൂത്രണ രേഖയിലെ സെക്ഷൻ 3.9-ൽ ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

16) ജല വിതരണത്തിനായി ഉപയോഗിക്കുന്ന ജല സ്രോതസുകളിൽ '**<u>ജല മലിനീകരണം ഇല്ല</u>**' എന്ന് ഉറപ്പുവരുത്തേണ്ടതും, ഉപയോഗയോഗ്യമാണെന്ന് കേരള ജല അതോറിറ്റിയോ ഭക്ഷ്യ സുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

17) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ജലനിധിയും '<u>ജല ദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിനു ഊന്നൽ നൽകുക, ജലം പാഴാക്കാതിരിക്കുക, തുലാവർഷത്തിൽ ലഭ്യമാകുന്ന മഴ പൂർണമായും ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ വേണ്ടി എല്ലാ ഭൂവുടമകളും ഭൂമി കിളച്ച് ഇളക്കിയിടുവാനും കരിയില ഇട്ട് ബാഷ്പീകരണം തടയുവാനും വേണ്ടുന്ന നടപടി എടുക്കുക</u>' എന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചാരണം പ്രാദേശികമായി നടത്തുക. തദ്ദേശ സ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

18) വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊർജിതമായി നടത്തണം. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളായ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും, കനാൽ വൃത്തിയാക്കുവാനും, കുളങ്ങൾ വൃത്തിയാക്കുന്നതിനും വേണ്ടുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽ നിന്ന് നടത്തേണ്ടുന്നതാണ്. പുറമെ, പ്രാദേശികമായി സന്നദ്ധസംഘടനകളുടെയും (NSS, NCC, Scouts & Guides, Nehru Yuva Kendra etc), ക്ലബുകളുടെയും സന്നദ്ധ സേവനം ഇതിനായി വിനിയോഗിക്കുക. തദ്ദേശ സ്വയംഭരണ വകുപ്പ് ഇതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

19) സർക്കാർ സ്ഥാപനങ്ങളിലെയും കാര്യാലയങ്ങളിലെയും മഴവെള്ള സംഭരണികൾ അടിയന്തിരമായി ഒരു മാസത്തിനുള്ളിൽ അതാതു വകുപ്പുകൾ തന്നെ പണം ചിലവഴിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇതിനാവശ്യമായ പണം അതാതു വകുപ്പുകൾ ഉടൻ ലഭ്യമാക്കേണ്ടതാണ്. എല്ലാ വകുപ്പുകളും ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

20) ഭൂഗർഭ ജലവിനിയോഗം 75% കുറയ്ക്കുവാനുള്ള കർശന നിർദേശം ദുരന്ത നിവാരണ നിയമം (2005) സെക്ഷൻ 34 (ജെ) പ്രകാരം എല്ലാ ഭൂഗർഭ ജല വിനിയോഗ വ്യവസായങ്ങൾക്കും നല്കേണ്ടതും, ഇത് നടപ്പിലാക്കുന്നുണ്ടെന്ന് ഭൂജല വകുപ്പ് ഉറപ്പുവരുത്തേണ്ടുന്നതുമാണ്.

21) ഭൂഗർഭ ജലവിനിയോഗം കൃഷിക്കായി ഉപയോഗിക്കുന്നത് കുറയ്ക്കുവാൻ കൃഷി വകുപ്പ് കൃഷിക്കാരെ ബോധവൽക്കരിക്കേണ്ടതാണ്. കുടിവെള്ളത്തിന് ജല സേചനത്തെക്കാൾ മുൻഗണന നൽകേണ്ടതുണ്ട്.

22) കനാൽ മാർഗമുള്ള ജലസേചനത്തിനു മുമ്പായി ജലസേചന വകുപ്പ്, ഭൂഗർഭ ജല വകുപ്പും, കേരള ജല അതോറിറ്റിയുമായി ആലോചിച്ച് അവരുടെകൂടെ സമ്മതത്തോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ.

23) ജില്ലാ വിദ്യാഭ്യാസ ഓഫീസർ എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അസംബ്ലി വിളിച്ച് കൂട്ടേണ്ടതും കുട്ടികളെ വരൾച്ചയെ കുറിച്ചും, സൂര്യാഘാതം, താപാഘാതം എന്നിവയെ കുറിച്ചും ബോധവൽക്കരിക്കേണ്ടതുണ്ട്. ഇതിനായി ഭൂമി ശാസ്ത്ര/പരിസ്ഥിതി ശാസ്ത്ര അധ്യാപകനെയോ/ അധ്യാപികയെയോ ചുമതലപ്പെടുത്താവുന്നതാണ്.

24) മൃഗ സംരക്ഷണ വകുപ്പും, ക്ഷീര വികസന വകുപ്പും വരൾച്ചാ പ്രദേശങ്ങളെ മനസ്സിലാക്കുകയും വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ ജല വിതരണത്തിനുള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

25) വനം-വന്യജീവി വകുപ്പ്, വന്യ ജീവികൾക്ക് ആവശ്യമായ ജല ലഭ്യത ഉണ്ടെന്നു ഉറപ്പാക്കേണ്ടതും മനുഷ്യ-മൃഗ സംഘർഷങ്ങൾ ഒഴിവാക്കേണ്ടതും ആണ്.

26) എല്ലാ ജില്ലയിലും ജില്ലാ കളക്ടർമാർ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്. ഓരോ ജില്ലയുടെയും വ്യത്യസ്തമായ സ്ഥിതി പരിഗണിച്ച് കൊണ്ടും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ജില്ലക്ക് വരൾച്ച പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന <u>സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ</u>

<u>ളുകയ്യുള്ളിൽ</u> നിന്നുകൊണ്ട്, മേൽ നിർദേശങ്ങൾക്ക് അനിവാര്യമായ ഭേദഗതികൾ ജില്ലാ കളക്ടർക്ക് വരുത്താവുന്നതാണ്.

മേൽ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അതാത് ജില്ലകൾക്ക് അനുയോജ്യമായ രീതിയിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന കാര്യത്തിൽ ജില്ലാകളക്ടർമാർ നേരിട്ട് മേൽനോട്ടം വഹിക്കേണ്ടതാണ്. മേൽ പ്രതിപാദിച്ചവയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായ പ്രവൃത്തികൾക്ക് പ്രത്യേകമായി പണം അനുവദിക്കുന്നതായിരിക്കും.

**പി. എച്ച് കുര്യൻ**
പ്രിൻസിപ്പൽ സെക്രട്ടറി

To

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ & ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ഗവ.സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം. പൊതു ഭരണം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് (റവന്യൂ - കെ1, കെ2, കെ4) സീറ്റുകൾക്ക് (അവശ്യ നടപടിക്കായി)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

True Copy
Section Officer